**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.153533/AD A3-3/2021/എ ഡി എ 3 തീയതി: 23.01.2026

**<u>വിജ്ഞാപനം</u>**

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ വെറ്ററിനേറിയൻ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിനായി 04.02.2026 തീയതി ഉച്ചയ്ക്ക് 2 മണിയ്ക്ക് വാക്-ഇൻ-ഇന്റർവ്യൂ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

**വേതനം** : ₹35,000/- പ്രതിമാസ വേതനം.

**ഒഴിവുകൾ** : 1 (ഒന്ന്)

**യോഗ്യത** : വെറ്ററിനറി സയൻസസിൽ ബിരുദവും, കേരള വെറ്ററിനറി കൗൺസിലിന്റെ അംഗീകാരമുള്ള ഡോക്ടർമാർക്കും, റിട്ടയർ ചെയ്ത വെറ്ററിനറി ഡോക്ടർമാർക്കും പങ്കെടുക്കാം.

വൈസ് ചാൻസലറുടെ ചേമ്പറിൽ വച്ച് നടത്തുന്ന വാക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും സഹിതം അന്നേ ദിവസം രാവിലെ 11 മണിയ്ക്ക് അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം) മുൻപാകെ ഹാജരാകേണ്ടതാണ്.

1) പേര്, വയസ്സ്, വിദ്യാഭ്യാസ യോഗ്യത (മാർക്ക് ലിസ്റ്റുകൾ ഉൾപ്പെടെ) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ.

2) കേരള വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.

3) തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്.

4) തിരഞ്ഞെടുപ്പ് തിരിച്ചറിയൽ/ആധാർ കാർഡ്.

ഈ തിരഞ്ഞെടുപ്പ് താത്കാലികവും സ്ഥിര നിയമനത്തിന് നിയമാനുസൃതം അർഹതയില്ലാത്തതുമാണ്.

ഫോൺ നം : 0481-2733240

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ

Draft #76 of File 153533/AD A3-3/2021/AD A 3 Approved by Registrar on 23-Jan-2026 12:30 PM - Page 1